ഓം

## ശ്രീമദ്ഭാഗവതം നിത്യപാരായണം 266-ാം ദിവസം

ഭവതീനാം വിയോഗേ മേ ന ഹി സർവാത്മനാ ക്വചിത്
യഥാ ഭൂതാനി ഭൂതേഷു ഖം വായ്വഗ്നിർജ്ജലം മഹീ
തഥാഹം ച മന:പ്രാണ ഭൂതേന്ദ്രിയഗുണാശ്രയ: **(10-47-29)**
ആത്മേന്യവാത്മനാ *ff*ത്മാനം സൃജേ ഹൻമ്യനുപാലയേ
ആത്മമായാനുഭാവേന ഭൂതേന്ദ്രിയഗുണാത്മനാ **(10-47-30)**
ആത്മാ ജ്ഞാനമയ: ശുദ്ധോ വ്യതിരിക്തോ*f*ഗുണാന്വയ:
സുഷുപ്തിസ്വപ്നജാഗ്രദ്ഭിർമ്മായാവൃത്തിഭിരീയതേ **(10-47-31)**
യേനേന്ദ്രിയാർത്ഥാൻ ധ്യായേത മൃഷാ സ്വപ്നവദുത്ഥിത:
തന്നിരുന്ധ്യാദിന്ദ്രിയാണി വിനിദ്ര: പ്രത്യപദ്യത **(10-47-32)**
ഏതദന്ത: സമാമ്നായോ യോഗ: സംഖ്യം മനീഷീണാം
ത്യാഗസ്ത പോ ദമ: സത്യം സമുദ്രാന്താ ഇവാപഗാ: **(10-47-33)**

*ശുകമുനി തുടർന്നു:*
ഗോപികമാർ ഉദ്ധവനെ കണ്ടു. കൃഷ്ണനേർതുപോലെ തന്നെയാണ് വേഷം. കൃഷ്ണഭക്തനും സുഹൃത്തുമാണുദ്ധവൻ എന്നവർ തിരിച്ചറിഞ്ഞു. അവർ അദ്ദേഹത്തെ സ്വീകരിച്ചു വണങ്ങി കൃഷ്ണനെപ്പറ്റി അന്വേഷിച്ചു. 'അവിടുന്ന് ഭഗവാൻെറ സുഹൃത്തും ദൂതനുമാണെന്ന് ഞങ്ങൾക്കറിയാം. തീർച്ചയായും കൃഷ്ണൻെറ മാതാപിതാക്കളെ കാണാൻ വന്നതുമാണ്. വ്രജത്തിൽ അദ്ദേഹം ഓർമ്മിക്കേണ്ടതായി മറ്റെന്താണുള്ളത്? ആളുകൾ -സന്യാസികൾപ്പോലും- അവരുടെ ബന്ധുമിത്രാദികളെപ്പറ്റി ഓർമ്മിക്കും. എന്നാൽ ചിലർ കാര്യം കണ്ടുകഴിയുമ്പോൾ സൗഹൃദമെല്ലാം ഉപേക്ഷിച്ചുകളയും.' എന്നാൽ ഗോപികമാർ കൃഷ്ണൻെറ ബാല്യലീലകളെപ്പറ്റി ഓർക്കാനും പറയാനും തുടങ്ങി. അവരുടെ ഹൃദയങ്ങൾ കൃഷ്ണപ്രേമം കൊണ്ടും കണ്ണുകൾ കണ്ണീരുകൊണ്ടും നിറഞ്ഞിരുന്നു. ഒരു ഗോപിക ഒരു കരിവണ്ട് തനിക്കു ചുറ്റും മൂളികൊണ്ട് പാറിപ്പറക്കുന്നതു കണ്ട് അതിനോടെന്ന മട്ടിൽ ഉദ്ധവനോട് തനിക്കു പറയാനുള്ളത് മുഴുവൻ കൃഷ്ണപ്രേമപാരവശ്യത്താൽ ഇങ്ങിനെ പറഞ്ഞു. 'നീ ഇവിടെ എന്തിനാണ് വന്നത്? കൃഷ്ണഗാഥകളും മഹിമകളും ഞങ്ങളെ കേൾപ്പിച്ചതുകൊണ്ട് നിനക്കെന്താണ് നേട്ടം? ഞങ്ങളുടെ ഹൃദയം കവർന്നതിനുശേഷം കൃഷ്ണൻ ഞങ്ങളെ ഉപേക്ഷിച്ചു പോയി. ശരിതന്നെ. കൃഷ്ണന് ഞങ്ങളുടെ സ്നേഹം എന്തിനാണിനി? അവിടുത്തെ പാദപൂജചെയ്യാൻ സമ്പത്തിൻെറ ദേവതയായ സാക്ഷാൽ ലക്ഷ്മീദേവി തന്നെയുണ്ടല്ലോ. അവനു വേണ്ടി ഞങ്ങൾ സ്വന്തം വീടുകളും ബന്ധങ്ങളും ഉപേക്ഷിച്ചു. അദ്ദേഹത്തിനു വേണ്ടി ഞങ്ങളിൽ പലരും ജൻമവാസനകളെയും ആഗ്രഹങ്ങളേയും വികാരങ്ങളെയും ഒതുക്കി. ഇഷ്ടാനിഷ്ടങ്ങളെ ഒഴിവാക്കി തപസ്വികളെപ്പോലെ ജീവിക്കുന്നു. അദ്ദേഹത്തിൻെറ പേരു കേൾക്കുമ്പോഴേ ഞങ്ങൾക്കുള്ളിൽ കഠിനമായ വ്യഥയും പാരവശ്യവു മുണ്ടാവുന്നു. പറയൂ ഞങ്ങളെ കൃഷ്ണൻെറയടുത്തേക്ക് കൊണ്ടുപോകാമോ?'

*കരിവണ്ടിനോടു പറഞ്ഞതിൻെറ പൊരുളറിഞ്ഞ ഉദ്ധവൻ മറുപടിയായി പറഞ്ഞു.* 'കൃഷ്ണൻെറ മഹനീയ ഭക്തകളേ നിങ്ങൾ സ്വജീവിതം കൊണ്ട് ആത്മസാക്ഷാത്കാരത്തിൻെറ പാത വിരിച്ചിരിക്കുന്നു. അത് പരമപ്രേമത്തിൻേറതത്രെ. ഇനി കൃഷ്ണൻ നിങ്ങൾക്കായി തന്നയച്ച പ്രത്യേക സന്ദേശം കേട്ടാലും. 'നിങ്ങൾക്ക് ഒരിക്കലും എന്നിൽ നിന്ന് പിരിയുക സാദ്ധ്യമല്ല. കാരണം ഞാൻ സ്വയം ജീവനും എല്ലാറ്റിൻെറയും ആത്മാവുമത്രെ. ഈ വിശ്വത്തെ മുഴുവൻ ഞാൻ സൃഷ്ടിച്ചു സംരക്ഷിക്കുന്നു. സംഹരിക്കുന്നു. ഇവയെല്ലാം ഞാൻ സ്വയം എന്നിൽ തന്നെ ചെയ്യുന്നതാണ്. ആത്മാവ് സർവ്വശുദ്ധവും ബോധം തന്നെയുമാണ്. അതിനെ ബോധത്തിൻെറ മൂന്നവസ്ഥകളിലൂടെതന്നെ തേടി കണ്ടെത്തേണ്ടതാണ്. സ്വപ്നത്തിൽ കണ്ട ഒരു വസ്തുവിനെപ്പോലെ ലോകത്തെ കാണാൻ കഴിയുന്ന ഒരു മാനസീകാവസ്ഥയിലായിരിക്കണം. എല്ലാവിധ ആത്മീയസാധനകളും മനസ്സിനെ നിയന്ത്രിക്കാനുന്നം വച്ചുള്ളതത്രെ. ഇതിനായി നിങ്ങൾ ഭൗതീകമായി എൻെറയടുത്ത് എപ്പോഴും ഉണ്ടാവണമെന്നില്ല. എന്നിൽ നിന്നും അകന്നു നിൽക്കുമ്പോഴാണ് പലപ്പോഴും നിങ്ങൾ ആത്മീയമായി എന്നോടടുത്തു നിൽക്കുന്നത്.